# കേരള സ്മോൾ ഹൈഡ്രോ പവർ പോളിസി – 2022 (കരട്)

## 1. ആമുഖം

കേരളത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ ധാരാളം പ്രദേശങ്ങൾ നിലവിൽ കണ്ടെത്തിയിട്ടുണ്ട് . ഇത്തരത്തിൽ ഏകദേശം 650 MW വൈദ്യുതി ഉൽപ്പാദന സാധ്യത പഠനങ്ങളിൽ കണക്കാക്കിയിട്ടുണ്ട് . സംസ്ഥാനത്തിന് ആവശ്യമായ വൈദ്യുതിയുടെ 30% -ൽ താഴെ മാത്രമാണ് സംസ്ഥാനത്തിനുള്ളിൽ നിന്നും ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചിട്ടുള്ളത്. വൈദ്യുതി രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ഊർജ്ജോല്പാദന പദ്ധതികൾ കൂടുതൽ ആരംഭിക്കേണ്ടിയിരിക്കുന്നു. ഇവിടെയാണ് ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പ്രാധാന്യം . ഇത്തരം പദ്ധതികൾ ആരംഭിക്കുന്നതിനായി സംസ്ഥാന സർക്കാരുകൾ കലാകാലങ്ങളിൽ പല മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനായുള്ള ഒരു നയരേഖ സംസ്ഥാന സർക്കാർ ''കേരള സ്മോൾ ഹൈഡ്രോ പവർ പോളിസി 2012'' എന്ന പേരിൽ 2012 ഒക്ടോബർ 3 ന പ്രഖ്യാപിക്കുകയുണ്ടായി . ഇതിൻ പ്രകാരം ചെറുകിട ജലവൈദ്യുത ഉത്പാദന രംഗത്ത് സ്വകാര്യ നിക്ഷേപകരെ കൂടുതൽ ആകർഷിക്കുവാൻ സാധിച്ചിട്ടുണ്ട് . 2022 മാർച്ച് വരെയുള്ള കാലയളവിൽ കേരളത്തിൽ 260 MW സ്ഥാപിത ശേഷി ചെറുകിട ജലവൈദ്യുതി ഉൽപ്പാദനരംഗത്ത് കൈവരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഇതിൽ 177 MW സംസ്ഥാന വൈദ്യുതി ബോർഡും 83 MW സ്വകാര്യ സംരംഭകരും ആണ് സ്ഥാപിച്ചിട്ടുള്ളത്.

സ്വകാര്യ സംരഭകർക്ക് ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകുന്നതിനു ഊർജ്ജ വകുപ്പ് സെക്രട്ടറിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ സ്മോൾ ഹൈഡ്രോ പ്രൊമോഷൻ സെൽ (SHP Cell) 2002 -ൽ എനർജി മാനേജ്മെൻറ് സെൻററിൽ (EMC) പ്രവർത്തനം ആരംഭിക്കുകയുണ്ടായി. SHP Cell മുഖേന ഇത് വരെ

സർക്കാർ അനുമതി നൽകിയ മുഴുവൻ പദ്ധതികളും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ല. മറ്റ് സർക്കാർ വകുപ്പുകളിൽ നിന്നും ആവശ്യമായ അനുമതി യഥാസമയം ലഭിക്കുവാനുള്ള കാലതാമസം ഇതിനൊരു കാരണമാണ് . പദ്ധതിക്ക് അനുയോജ്യമെന്ന് കണ്ടെത്തുന്ന സ്ഥലം ലഭ്യമാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ, സാമ്പത്തിക സഹായം വേഗത്തിൽ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ, പാരിസ്ഥിതിക പ്രശ്നങ്ങൾ, കാലാവസ്ഥാവ്യതിയാനം, ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ നിരക്ക് നിശ്ചയിക്കുന്നതിനുള്ള വെല്ലുവിളികൾ , നിലവിൽ നിശ്ചയിച്ചിട്ടുള്ള BOOT കാലാവധിയുടെ അപര്യാപ്തത, പദ്ധതി പ്രദേശത്ത് ആവശ്യമായ വൈദ്യുതി പ്രസരണ ശൃംഖലയുടെ അപര്യാപ്തത എന്നിവ സ്വകാര്യ സംരംഭകരെ ഈ രംഗത്തുനിന്നും അകറ്റുന്നതിനുള്ള കാരണങ്ങളായിട്ടുണ്ട്.

മറ്റ് അക്ഷയ ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, കാറ്റിൽ നിന്നുള്ള ഊർജ്ജം എന്നിവയെ അപേക്ഷിച്ച് ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് ചെലവ് താരതമ്യേന കൂടുതൽ ആണ്. ചെറുകിട ജലവൈദ്യുത പദ്ധതികൾ ഉൾപ്പെടെയുള്ള അക്ഷയ ഊർജ്ജ സ്രോതസ്സുകളിൽ നിന്നും ഒരു നിശ്ചിത അളവ് വൈദ്യുതി വാങ്ങണമെന്നുള്ള നിബന്ധനയോടെ ഇതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (KSERC) പുറപ്പെടുവിച്ചിട്ടുണ്ട്. KSERC 2020 -ൽ പുറപ്പെടുവിച്ച Renewable Energy & Net Metering Regulations 2022 ൽ ഭേദഗതി വരുത്തുകയുണ്ടായി. ഇതിൻ പ്രകാരം ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള വൈദ്യുതിക്ക് Generic tariff -ഉം വൻകിട പദ്ധതികൾക്ക് project cost based tariff -ഉം നിശ്ചയിച്ചിട്ടുള്ളതാണ്. എന്നാൽ ഈ നിരക്കുകൾ കെ.എസ്.ഇ.ബി.എല്ലിന്റെ ശരാശരി വൈദ്യുതി വാങ്ങൽ നിരക്കിനേക്കാൾ കൂടുതൽ ആയതിനാൽ കെ.എസ്.ഇ.ബി.എല്ലുമായി ഇത്തരം പദ്ധതികളുമായി ബന്ധപ്പെട്ട PPA -ൽ ഏർപ്പെടുന്നതിന് പ്രയാസം നേരിടുന്നുണ്ട്.

ചെറുകിട ജലവൈദ്യുത പദ്ധതികൾ സംസ്ഥാനത്തിന്റെ ഊർജ്ജ ഭദ്രതയ്ക്ക് ആക്കം കൂട്ടുന്നതോടൊപ്പം ഒറ്റപ്പെട്ട പ്രദേശങ്ങളുടെ വികസനത്തിനും ജലസേചന സൗകര്യം, വിനോദ സഞ്ചാരം എന്നിവക്കും ഏറെ ഗുണം ചെയ്യും.

ലഭ്യതയില്ലുള്ള സമയ സംബന്ധിത ഏറ്റകുറച്ചിലുകൾ നിമിത്തം തടസ്സപ്പെടുത്താതെ പ്രവർത്തിപ്പിക്കേണ്ടവ (must-run renewable energy) എന്ന പോരായ്മയുള്ളവയാണ് സൗരോർജ്ജവും (Solar Energy), പവനോർജ്ജവും (Wind Energy) അക്ഷയ ഊർജ്ജ സ്രോതസ്സുകൾ. ഇത് പരിഹരിക്കുവാൻ ചെറുകിട ജലവൈദ്യുതിയും ഊർജ്ജ സംഭരണവും (Energy Storage) ചേർന്നുള്ള സംവിധാനം കൊണ്ട് സാധിക്കുന്നതാണ്. മതിയായ അളവിൽ ജലം/ ഊർജ്ജം സംഭരിക്കുവാൻ സാധിച്ചാൽ ചെറുകിട ജലവൈദ്യുത പദ്ധതികളെ must-run status -ൽ തുടരേണ്ട സ്ഥിതി ലഘൂകരിക്കാം. ആകയാൽ ഊർജ്ജ രംഗത്ത് സുസ്ഥിരത കൈവരിക്കുന്നതിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുള്ള പങ്ക് വളരെ പ്രധാനപ്പെട്ടതാണ്.

മുകളിൽ പറഞ്ഞ വസ്തുകളുടെ വെളിച്ചത്തിൽ ചെറുകിട ജലവൈദ്യുത മേഖലയിൽ കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്ന തരത്തിൽ ഇപ്പോൾ നിലവിലുള്ള നയരേഖ പരിഷ്കരിക്കുന്നതിനും അതുവഴി ഊർജ്ജോല്പ്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു.

## 2. ശീർഷകം

ഈ നയ രേഖ ‘‘കേരള സ്മാൾ ഹൈഡ്രോ പവർ പോളിസി – 2022’’ എന്ന് അറിയപ്പെടുന്നതും 25 MW വരെ സ്ഥാപിത ശേഷിയുള്ള പദ്ധതികൾക്ക് ബാധകവുമായിരിക്കും. കേരള സർക്കാർ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ ഇത് പ്രാബല്യത്തിൽ വരുന്നതുമാണ്.

## 3. ദർശനം

പ്രകൃതി സൗഹൃദവും അക്ഷയവുമായ ഹരിത ഊർജ്ജ ഉറവിടം എന്ന നിലയിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് പരിസ്ഥിതി സംരക്ഷണം, പ്രാദേശിക വികസനം, സുസ്ഥിര വികസനം എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുക.

4. ലക്ഷ്യങ്ങൾ

 4.1 സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക വികസനത്തിനും ഒപ്പം പ്രാദേശിക ഊർജ്ജ ആവശ്യങ്ങൾ നിറവേറ്റുന്നതിനും

പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത ചെറുകിട ജലവൈദ്യുത പദ്ധതികൾ ദ്രുതഗതിയിൽ നടപ്പിലാക്കുക.

4.2 ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനും ഈ രംഗത്ത് കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനും സർക്കാർ/സ്വകാര്യ/മറ്റിതര വിഭാഗങ്ങളുടെ സഹകരണത്തിനുള്ള അനുകൂല അന്തരീക്ഷം സൃഷ്ടിക്കുക.

4.3 15-ആം പദ്ധതി കാലയളവിനുള്ളിൽ സ്വതന്ത്ര ഊർജ്ജ ഉൽപ്പാദകർ (IPPs), ക്യാപ്റ്റിവ് ഉപയോഗ ഊർജ്ജ ഉൽപ്പാദകർ (CPPs), തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (LSGs), സഹകരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, മർച്ചന്റ് പവർ പ്രോഡ്യൂസേഴ്സ് (MPP) മുതലായവരുടെ പങ്കാളിത്തത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ഊർജ്ജ ഉൽപ്പാദനം നിലവിലുള്ള 260 MW-ൽ നിന്നും 500 MW ആയി വർധിപ്പിക്കുക.

4.4 കുടിവെള്ളം, ജലസേചനം, വിനോദ സഞ്ചാരം, മത്സ്യകൃഷി തുടങ്ങിയ മേഖലകളുടെ വികസനം മൂലം പദ്ധതി പ്രദേശത്തിന്റെ സമഗ്ര പുരോഗതി.

4.5 സംസ്ഥാനത്ത് ഊർജ്ജ ഭദ്രത ഉറപ്പുവരുത്തുവാനും ഉപഭോക്താക്കൾക്ക് മിതമായ നിരക്കിൽ വൈദ്യുതി എത്തിക്കുവാനും കഴിയുക.

**5. പങ്കാളിത്ത സ്ഥാപനങ്ങൾ**

കേരള സംസ്ഥാന വൈദ്യുതി ബോർഡ് (KSEBL), എനർജി മാനേജ്മെന്റ് സെന്റർ (EMC), സ്മാൾ ഹൈഡ്രോ പ്രോമോഷൻ സെൽ (SHP cell in EMC) രൂപീകരിക്കുന്ന ടെക്നിക്കൽ കമ്മിറ്റി , ജലവിഭവ വകുപ്പ്, വനം - വന്യജീവി വകുപ്പ്, റവന്യൂ വകുപ്പ് , തദ്ദേശസ്വയംഭരണ വകുപ്പ്, മറ്റു ബന്ധപ്പെട്ട വകുപ്പുകൾ , പ്രൊജക്റ്റ് ഡവലപ്പർമാർ, സംരംഭകർ എന്നിവരായിരിക്കും പങ്കാളിത്ത സ്ഥാപനങ്ങൾ.

6. **സ്മാൾ ഹൈഡ്രോ പ്രോമോഷൻ സെൽ (SHP cell)**

സംസ്ഥാന ഊർജ്ജ വകുപ്പ് സെക്രട്ടറിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ EMC -ൽ പ്രവർത്തിക്കുന്ന SHP cell ആയിരിക്കും ഈ നയം സുഗമമായി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. നിശ്ചിത കാലയളവിനുള്ളിൽ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനായി കേരളത്തിലെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സാധ്യതയെ പറ്റിയുള്ള അടിസ്ഥാന വിവരങ്ങൾ , വികസന മാതൃകകൾ എന്നിവ SHP cell തയ്യാറാക്കുന്നതാണ്. KSEBL, മറ്റു വകുപ്പുകൾ എന്നിവർ ഇതിനാവശ്യമായ വിവരങ്ങൾ SHP cell-ന് കൈമാറുന്നതായിരിക്കും. അനുമതി നൽകുന്ന പദ്ധതികളുടെ നടത്തിപ്പ് പുരോഗതി വിവിധ ഘട്ടങ്ങളിൽ വിലയിരുത്തുന്നതും നിശ്ചിത കാലയളവിനുള്ളിൽ <u>പൂർത്തീകരിക്കുന്നതിനുള്ള SHP cell നടപടികൾ</u> സ്വീകരിക്കുന്നതുമാണ്. SHP cell- നു ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിന് EMC ഡയറക്ടറുടെ നേതൃത്വത്തിലും ഊർജ്ജവകുപ്പ് സെക്രട്ടറിയുടെ നിയന്ത്രണത്തിലും ഒരു വിദഗ്ധ കമ്മിറ്റി രൂപീകരിക്കുന്നതാണ്. ഈ കമ്മിറ്റിയിൽ പങ്കാളിത്ത സ്ഥാപനങ്ങളുടെ പ്രതിനിധികൾ, സിസ്റ്റം മാനുഫാക്ചറേഴ്സ്, സാങ്കേതിക വിദഗ്ധർ എന്നിവർ അംഗങ്ങൾ ആയിരിക്കും. താഴെ പറയുന്ന ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളും ആവശ്യമായ നിർവ്വഹണ ഉദ്യോഗസ്ഥരെയും SHP cell-ൽ ഏർപ്പെടുത്തുന്നതാണ്.

ചുമതലകൾ:-

6.1 സംസ്ഥാനത്ത് ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വികസനത്തിനായുള്ള നോഡൽ ഓഫീസ് എന്ന നിലയിലുള്ള ഒരു സ്ഥിരം സംവിധാനമായി പ്രവൃത്തിക്കുക.

6.2 LSGs, IPPs, CPPs തുടങ്ങിയവർക്കുള്ള പ്രൊജക്റ്റുകൾ കണ്ടെത്തുകയും ആവശ്യമായ അനുമതി സർക്കാരിൽ നിന്നും ലഭ്യമാക്കുകയും ചെയ്യുക.

6.3 SHP പോളിസി നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുകയും ഇതിനു ഊർജ്ജവകുപ്പ് സെക്രട്ടറിയുടെ അംഗീകാരം ലഭ്യമാക്കുകയും ചെയ്യുക.

6.4 ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുള്ള Techno Economic Feasibility Report (TEFR) തയ്യാറാക്കുക. ആവശ്യമെങ്കിൽ ഇതിനു വിദഗ്ധ ഏജൻസികളുടെ സഹായം തേടുക.

6.5 സംരംഭകർ സമർപ്പിക്കുന്ന പദ്ധതി റിപ്പോർട്ടുകൾ പരിശോധിക്കുന്നതിനും രൂപകൽപ്പന, സാങ്കേതിക ഘടകങ്ങൾ എന്നിവ സംബന്ധിച്ച ഉപദേശം നൽകുന്നതിനായി വിദഗ്ധ എൻ ജിനീയർമാർ അടങ്ങുന്ന ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുക.

6.6 പദ്ധതികളുടെ അനുമതി, ടെൻണ്ടർ എന്നിവക്കായി ആവശ്യമായ നിരാക്ഷേപ സാക്ഷ്യപത്രം, തത്വത്തിലുള്ള അംഗീകാരം എന്നിവ അതതു വകുപ്പുകളിൽ നിന്നും നേടിയെടുക്കുക.

6.7 സാധ്യത കൂടിയ പദ്ധതികളുടെ നടത്തിപ്പിനുള്ള ടെൻണ്ടർ നടപടികൾ ആരംഭിക്കുന്നതും മറ്റുമുള്ള അനുമതി ലഭിക്കുന്നതിനുള്ള ശുപാർശ സർക്കാരിന് നൽകുക.

6.8 പദ്ധതികളുടെ വിജയകരമായ നടത്തിപ്പ് ഉറപ്പാക്കുന്ന സാങ്കേതിക വിവരങ്ങളും മറ്റും സർക്കാരിന് നൽകുക.

6.9 പദ്ധതി നടത്തിപ്പ് വിവിധ ഘട്ടങ്ങളിൽ വിലയിരുത്തുന്നതിനുള്ള പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുകയും ഇതിൻ പ്രകാരം തയ്യാറാക്കുന്ന റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്യുക.

6.10 പദ്ധതി നടത്തിപ്പിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ , സംരംഭകരെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ, ടെൻണ്ടർ രേഖകൾ, ടെൻണ്ടർ വിലയിരുത്തൽ , അനുമതി നൽകൽ, നടത്തിപ്പ്/കാലാവധി/പവർ പർചെയ്സ് മുതലായവ സംബന്ധിച്ച കരാറുകൾ തയ്യാറാക്കൽ എന്നിവ പങ്കാളിത്ത സ്ഥാപനങ്ങളുടെ സഹകരണത്തോടെ SHP cell ചെയ്യുന്നതാണ്.

6.11 ഏകജാലക സംവിധാനം വഴി പദ്ധതിയ്ക്ക് ആവശ്യമായ അനുമതികൾ വിവിധ വകുപ്പുകളിൽ നിന്നും വേഗത്തിൽ അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

6.12 മുകളിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ളത് കൂടാതെ കേരള സ്മാൾ ഹൈഡ്രോ പവർ പോളിസി – 2022 ൽ പറയുന്ന എല്ലാ ചുമതലകളും SHP cell നിർവ്വഹിക്കുന്നതാണ്.

7. **പ്രായോഗിക മാർഗ്ഗങ്ങൾ.**

7.1 പദ്ധതി സുഗമമായും വേഗത്തിലും നടപ്പിലാക്കുന്നതിനും വിവിധ വിഭാഗത്തിലുള്ള സംരംഭകരെ ഉൾപ്പെടുത്തുന്നതിനുമായി പദ്ധതിയുടെ സ്ഥാപിത ശേഷിയുടെ അടിസ്ഥാനത്തിൽ 4 വിഭാഗങ്ങളായി കണക്കാക്കുന്നതാണ്. ഓരോ വിഭാഗത്തിനും പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ ഊർജ്ജ വകുപ്പിന്റെ അനുമതിയോടെ തയ്യാറാക്കുന്നതുമാണ്.

7.1.1 10 kW വരെ ശേഷിയുള്ളവ (ഗ്രൂപ്പ്-A Pico Hydro)

7.1.2 10 kW നു മുകളിൽ 100 kW വരെ (ഗ്രൂപ്പ് - B Micro Hydro)

7.1.3 100 kW നു മുകളിൽ 2 MW വരെ (ഗ്രൂപ്പ്-C Mini Hydro)

7.1.4 2 MW നു മുകളിൽ 25 MW വരെ (ഗ്രൂപ്പ്-D Small Hydro)

**7.2 പദ്ധതികളുടെ അനുമതി**

7.2.1 കെ.എസ്.ഇ.ബി.എൽ കണ്ടെത്തിയിട്ടുള്ള പദ്ധതികളും സംസ്ഥാന സർക്കാർ സ്വകാര്യ നിക്ഷേപർക്കായി മാറ്റിവച്ചിട്ടില്ലാത്തതും നിലവിലുള്ള എല്ലാ dam-toe പ്രൊജക്റ്റുകളും നിശ്ചിത തോതിൽ ജലം പുറത്തേക്ക് ഒഴുക്കുന്ന നിലവിലുള്ള ജലവൈദ്യുത പദ്ധതികളുടെ റിസർവോയറുകളിലും ജലസേചന പ്രോജക്റ്റിന്റെ റിസർ വോയറുകളിലും നടപ്പിലാക്കാവുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ കെ.എസ്.ഇ.ബി.എല്ലിനും, അതാത് സർക്കാർ ഏജൻസിക്കായി മാറ്റി വച്ചിരിക്കുന്നു.

7.2.2 മുകളിലത്തെ ഖണ്ഡികയിൽ പറഞ്ഞ പ്രകാരം കെ.എസ്.ഇ.ബി.എൽ നായി മാറ്റി വച്ചിട്ടില്ലാത്തതും EMC –

SHP cell, കെ.എസ്.ഇ.ബി.എൽ, അനെർട്ട് എന്നീ സ്ഥാപനങ്ങൾ കണ്ടെത്തിയിട്ടുള്ളതുമായ പ്രൊജക്ടുകൾ സ്വകാര്യ സംരംഭകർ മുഖേന IPP/CPP വ്യവസ്ഥയിൽ മത്സര ടെൻണ്ടർ പ്രകാരം Build Own Operate & Transfer (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി മാറ്റിവച്ചിരിക്കുന്നു.

7.2.3 SHP cell-ന്റെ ശുപാർശ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മത്സരാധിഷ്ഠിതമല്ലാതെ വിഷയാധിഷ്ഠിതമായി പ്രൊജക്റ്റ് തുടങ്ങുന്നതിനുള്ള അനുമതി സർക്കാർ നൽകുന്നതാണ് . തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റ ധനസ്ഥിതി , ജില്ല-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളുടെ ഏകീകൃത തീരുമാനം, തദ്ദേശസ്വയംഭരണ വകുപ്പിനന്റെ അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും സർക്കാർ തീരുമാനം കൈക്കൊള്ളുക.

7.2.4 SHP cell നിശ്ചയിക്കുന്ന മാനദണ്ഡത്തിന്റെയും ശുപാർ ശയുടെയും അടിസ്ഥാനത്തിൽ ആയിരിക്കും പ്രൊജക്റ്റ് IPP അല്ലെങ്കിൽ CPP എന്ന് സർക്കാർ നിശ്ചയിക്കുക.

7.2.5 സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങൾ അവരവരുടെ സ്വന്തം സ്ഥലത്ത് ചെറുകിട ജല വൈദ്യുത പദ്ധതി ആരംഭിക്കുന്നതിനുള്ള അനുവാദം SHP cell തയ്യാറാക്കുന്ന മാർ ഗ്ഗനിർദ്ദേശങ്ങൾ പ്രകാരവും നിശ്ചിത തുക upfront premium ഈടാക്കിക്കൊണ്ട് പ്രസ്തുത വ്യക്തികൾ/സ്ഥാപനങ്ങൾക്ക് തന്നെ നൽകുന്നതാണ്.

**7.3 പ്രൊജക്റ്റ് അനുമതിക്കുള്ള വിവിധ രീതികൾ .**
**SHP Cell ചെറുകിട ജലവൈദ്യുത പദ്ധതികളുടെ അനുമതി താഴെ സൂചിപ്പിച്ചിട്ടുള്ള 4 രീതിയിലാകും SHP Cell നൽകുന്നത്. ഓരോ അനുമതിക്കും വേണ്ടിയുള്ള ആവശ്യമായ മാർഗ്ഗനിർദ്ദേശം ഊർജ്ജ വകുപ്പ് സെക്രട്ടറിയുടെ അനുമതിയോടുകൂടി SHP Cell തയാറാക്കി**

**പ്രസിദ്ധീകരിക്കുന്നതാണ്.**

7.3.1 സർക്കാരിന്റെ നിലവിലുള്ള ടെൻണ്ടർ നടപടി പ്രകാരം.

7.3.2 ടെൻണ്ടർ നടപടി കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തുന്ന പ്രോജക്ടുകൾക്കുള്ള അനുമതി നൽകൽ.

7.3.3 സ്വകാര്യ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും സ്വന്തം സ്ഥലത്തുള്ള പ്രൊജക്റ്റുകൾ.

7.3.3.1 സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും കണ്ടെത്തുന്ന പ്രൊജക്റ്റുകൾ.

7.3.3.2 സഹകരണ സംഘങ്ങൾ/സഹകരണ സ്ഥാപനങ്ങൾ കണ്ടെത്തുന്ന പ്രൊജക്റ്റുകൾ.

7.3.3.3 സർക്കാർ വകുപ്പുകൾ /പൊതുമേഖലാസ്ഥാപനങ്ങൾ കണ്ടെത്തുന്ന പ്രൊജക്റ്റുകൾ.

7.3.4 സർക്കാർ തീരുമാനപ്രകാരം നേരിട്ട് അനുവാദം നൽകുന്ന പ്രൊജക്റ്റുകൾ

7.3.4.1 നിക്ഷേപക സംഗമം മുഖേന.

7.3.4.2 മന്ത്രിസഭാ തീരുമാനം അനുസരിച്ച്.

7.3.4.3 വിവിധ സർക്കാർ ഏജൻസികളുടെ പങ്കാളിത്തം മുഖേന

## 7.4 അനുമതി കാലയളവിന്റെ സാധുത.

സംരംഭകർ അവരവരുടെ നിർദിഷ്ട പ്രൊജക്റ്റ് പ്രദേശം വന്യമൃഗ സങ്കേതങ്ങൾ, നാഷണൽ പാർക്ക്, പരിസ്ഥിതി സംരക്ഷണ മേഖല എന്നിവയിൽ ഉൾപ്പെടുന്നില്ലെന്നും KSEBL, മറ്റു സർക്കാർ/ സ്വകാര്യ സംരംഭകർ എന്നിവരുടെ നിലവിലുള്ളതോ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതോ ആയ പദ്ധതി പ്രദേശത്തിൽ ഉൾപ്പെടുന്നതോ അല്ലെന്നു ഉറപ്പു വരുത്തേണ്ടതാണ്.

മുൻപ് സൂചിപ്പിച്ച കാര്യങ്ങളിൽ ഒഴികെ 7.3.2, 7.3.3, 7.3.4 എന്നീ വിഭാഗങ്ങൾക്ക് പ്രൊജക്റ്റ് ആരംഭിക്കുന്നതിനുള്ള അനുമതി

കാലയളവ് അനുമതി ഉത്തരവ് തീയതി മുതൽ 3 വർഷമായിരിക്കും. പ്രസ്തുത കാലയളവിനുള്ളിൽ പ്രൊജക്റ്റ് നടപ്പിലാക്കുന്നതിൽ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല എങ്കിൽ അനുമതി സ്വാഭാവികമായിതന്നെ റദ്ദ് ചെയ്യപ്പെടുന്നതാണ്.

എന്നിരുന്നാലും, പ്രൊജക്റ്റ് നടപ്പിലാക്കാതിരുന്നതിന് നീതീകരിക്കാവുന്ന കാരണങ്ങൾ ഉണ്ടെങ്കിൽ അവ SHP cell വിലയിരുത്തുന്നതും കാലയളവ് നീട്ടുന്നതിനുള്ള ശുപാർശ സർക്കാരിന് സമർപ്പിക്കുന്നതുമാണ്. പരമാവധി 1 വർഷത്തേക്ക് കൂടി ആയിരിക്കും ഇത്തരത്തിൽ കാലാവധി നീട്ടി നൽകുക. അനുമതി ലഭിച്ച പ്രൊജക്റ്റുകൾ മതിയായ കാരണങ്ങൾ ഇല്ലാതെ നിഷേധിക്കുവാനോ താമസിപ്പിക്കുവാനോ പാടുള്ളതല്ല. ഇത്തരത്തിലുള്ള തടസ്സങ്ങൾ നേരിട്ടാൽ വിവരം SHP cell –നെ അറിയിക്കേണ്ടതും പ്രശ്നങ്ങൾ പ്രസ്തുത വകുപ്പുകളുമായി പരസ്പര ചർച്ചയിലൂടെ പരിഹരിക്കപ്പെടേണ്ടതുമാണ്.

7.5 പ്രൊജക്റ്റിന് അനുമതി ലഭിക്കുന്നതിനു മതിയായ കാരണങ്ങൾ ഇല്ലാതെ വിവിധ വകുപ്പുകളിൽ നിന്നും താമസം നേരിട്ടാൽ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖകൾ പ്രകാരം പ്രൊജക്റ്റിന് അനുമതി ലഭിച്ചതായി കണക്കാക്കുന്നതാണ്.

7.6 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതു മേഖലാ സ്ഥാപനങ്ങൾ തുടങ്ങിയ സർക്കാർ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പ്രൊജക്റ്റുകളുടെ സിവിൽ വർക്കുകൾ സർക്കാർ അക്രഡിറ്റ് ചെയ്തിട്ടുള്ള ഏജൻസികൾ മുഖേന നടത്താവുന്നതാണ്.

7.7 പ്രൊജക്റ്റ് നടത്തിപ്പിനായി വേണ്ടി വരുന്ന സ്ഥലത്തിന്റെ 75% അല്ലെങ്കിൽ അതിൽ കൂടുതലോ വാങ്ങിയിട്ടുള്ള സംരംഭകർക്ക് ശേഷിക്കുന്ന സ്ഥലം land acquisition act പ്രകാരം ഏറ്റെടുത്തു നല്കുന്നതിനുള്ള സഹായം സർക്കാർ ചെയ്യുന്നതാണ്.

7.8 IPPs മുഖേന നടപ്പിലാക്കുന്ന ചെറുകിട ജലവൈദ്യുതി പദ്ധതികൾക്ക് സർക്കാർ നൽകുന്ന പ്രോത്സാഹനം എന്ന നിലയിൽ 2 MW വരെ സ്ഥാപിത ശേഷിയുള്ള പ്രൊജക്റ്റുകളിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന

വൈദ്യുതി KSERC നിശ്ചയിച്ചിട്ടുള്ള generic tariff പ്രകാരം KSEBL വാങ്ങുന്നതാണ്

**8. പ്രൊജക്റ്റ് അലോട്ട്മെന്റിനുള്ള ടെൻണ്ടർ നടപടി ക്രമങ്ങൾ.**

8.1 അലോട്ട്മെന്റ് നടപടികൾ രണ്ട് ഘട്ടമായിട്ടായിരിക്കും നടപ്പിലാക്കുന്നത്. ടെൻണ്ടറിൽ പങ്കെടുക്കുന്നതിനുള്ള യോഗ്യത നേടുന്നതിനായി ആദ്യ ഘട്ടത്തിൽ Request for Qualification (RFQ) സമർപ്പിക്കേണ്ടതാണ്. Pre- Qualification criteria അനുസരിച്ചുള്ള സാങ്കേതിക മികവും സാമ്പത്തിക ശേഷിയും ഉള്ളവരെ മാത്രമേ രണ്ടാം ഘട്ടമായ commercial evaluation ന് പരിഗണിക്കുകയുള്ളൂ.

8.2 ഒന്നാം ഘട്ടത്തിൽ യോഗ്യത നേടിയവർ പ്രൊജക്റ്റ് പ്രോപ്പോസലും ബിഡ്ഡും സമർപ്പിക്കേണ്ടതാണ്. ഓരോ പ്രോജെക്റ്റിനും അതിന്റെ സ്ഥാപിതശേഷിയുടെ അടിസ്ഥാനത്തിൽ ഒരു MW -നു നൽകാവുന്ന പരമാവധി പ്രീമിയം (premium/MW) അല്ലെങ്കിൽ അലോട്ട് ചെയ്യുന്ന പ്രൊജക്റ്റ്ൽ നിന്നും വിൽക്കുന്ന വൈദ്യുതിയുടെ നിരക്ക് (tariff for sale of power) ആണ് ടെണ്ടറിൽ കാണിക്കേണ്ടത്.

8.3 പ്രീമിയം തുകയുടെ (upfront premium) അടിസ്ഥാനത്തിൽ പ്രൊജക്റ്റ് അലോട്ട് ചെയ്യുന്ന ടെണ്ടറിൽ , മെഗാവാട്ടിന് അടിസ്ഥാന തുകയായി നിശ്ചയിച്ചിട്ടുള്ളതിൽ (threshold premium/MW) എത്ര കൂടുതൽ നൽകും എന്നതാണ് ടെണ്ടറിൽ കാണിക്കേണ്ടത് . ഇതുമായി ബന്ധപ്പെട്ട പ്രത്യേക മാർഗ്ഗനിർദ്ദേശം ഊർജ്ജ വകുപ്പ് സെക്രട്ടറിയുടെ അനുമതിയോട് കൂടി SHP Cell തയാറാക്കി പ്രസിദ്ധീകരിക്കുന്നതാണ്.

8.4 <u>വൈദ്യുതിയുടെ നിരക്കിന്റെ അടിസ്ഥാനത്തിൽ പ്രൊജക്റ്റ് അലോട്ട് ചെയ്യുന്ന ടെണ്ടറിൽ , ഗ്രിഡ് മുഖേന വിൽക്കുന്ന വൈദ്യുതിയുടെ നിരക്കാണ് ടെണ്ടറിൽ കാണിക്കേണ്ടത് അതിനോടൊപ്പം അടിസ്ഥാന പ്രീമിയം തുക മെഗാവാട്ടിന് (threshold premium/MW) SHP Cell അടയ്ക്കേണ്ടതുമാണ്.</u> ഇതുമായി ബന്ധപ്പെട്ട പ്രത്യേക

മാർഗ്ഗനിർദ്ദേശം ഊർജ്ജ വകുപ്പ് സെക്രട്ടറിയുടെ അനുമതിയോടുകൂടി SHP Cell തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതാണ്.

8.5 പദ്ധതിയുടെ DPR തയ്യാറാക്കൽ, ടെണ്ടർ നടപടികൾക്കുള്ള ചെലവുകൾ, മറ്റ് ഭരണപരമായി വേണ്ടിവരുന്ന ചെലവുകൾ എന്നിവ അതതു പ്രൊജക്ടിന്റെ ടെണ്ടർ ഫീസ് ഇനത്തിൽ SHP Cell ഈടാക്കുന്നതാണ്.

8.6 മുകളിൽ പറഞ്ഞ പ്രകാരമുള്ള ടെണ്ടറുകൾ മുഖേന അലോട്ട് ചെയ്യുന്ന പ്രൊജക്റ്റ് റദ്ദ് ചെയ്യപ്പെടുന്ന പക്ഷം ഈ പ്രൊജക്റ്റുകൾ പിന്നീട് ക്യാപ്റ്റിവ് ഉപയോഗ ഊർജ്ജ ഉൽപ്പാദകർ (CPPs), മർച്ചന്റ് പവർ പ്രോഡ്യൂസേഴ്സ് (MPPs) എന്നിവർക്കായി പ്രീമിയം തുകയുടെ അടിസ്ഥാനത്തിൽ (നിബന്ധന 8.3) പുതിയതായി ടെണ്ടർ ചെയ്യുന്നതാണ്.

8.7 ചെറുകിട ജലവൈദ്യുതി പദ്ധതികളുടെ നിർമ്മാണ ചിലവ് കുറയ്ക്കുന്ന തരത്തിലുള്ള നിർമ്മാണ രീതികൾ , ഡ്രൂപകൽപ്പന, ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള സൈറ്റുകൾ കണ്ടെത്തൽ , ഇലക്ട്രോ-മെക്കാനിക്കൽ ഘടകങ്ങളുടെ standardization കൂടാതെ പദ്ധതിയിൽ നിന്നും പരമാവധി വൈദ്യുതി ഉൽപ്പാദനം സാധ്യമാക്കുക എന്നിവയൊക്കെയുള്ള സാങ്കേതിക സഹായം സംരംഭകർക്ക് SHP cell മുഖേന സർക്കാർ ചെയ്തു കൊടുക്കുന്നതാണ്. കേന്ദ്ര അക്ഷയ ഊർജ്ജ മന്ത്രാലയം , ഐ ഐ ടി റൂർക്കിയുടെ ഹൈഡ്രോ എനർജി വിഭാഗം , മറ്റ് സാങ്കേതിക വിദ്ധർ മുതലായവരുടെ സഹായം ഇതിനായി പ്രയോജനപ്പെടുത്തുന്നതാണ്.

8.8 വാണിജ്യ അടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിക്കുവാൻ

തീരുമാനിച്ച തീയതി (Commercial Operation Date – COD) അല്ലെങ്കിൽ യഥാർത്ഥത്തിൽ വൈദുതി ഉൽപ്പാദനം ആരംഭിക്കുന്ന തീയതി ഇതിൽ ഏതാണോ ആദ്യം അന്ന് മുതൽ 35 വർഷമായിരിക്കും പ്രൊജക്റ്റ് കാലയളവ് (BOOT period)

## 9. മാർഗ്ഗനിർദ്ദേശങ്ങളും സാങ്കേതിക വിവരങ്ങളും.

9.1 ചെറുകിട ജലവൈദ്യുതി നിലയങ്ങളുടെ പ്രവർത്തനം കുറ്റമറ്റതാക്കുന്നതിനായി സിവിൽ ജോലികൾ , ഇലക്ട്രോ-മെക്കാനിക്കൽ ജോലികൾ , സുരക്ഷ എന്നിവയിൽ പാലിക്കേണ്ട മാനദണ്ഡങ്ങൾ, ഉപയോഗിക്കുന്ന മെഷിനറികൾ, ഉപകരണങ്ങൾ എന്നിവയുടെ സ്പെസിഫിക്കേഷൻ, ഗുണനിലവാരം ഇവയെയെല്ലാം കുറിച്ചുള്ള വിശദമായ രൂപരേഖയും മാർഗ്ഗനിർദ്ദേശങ്ങളും SHP cell തയ്യാറാക്കുന്നതാണ്.

9.2 ചെറുകിട ജലവൈദ്യുതി നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനം ഏറ്റവും മെച്ചപ്പെട്ടതാകുന്ന തരത്തിൽ നിലയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട എൻജിനീയറിംഗ് സർവ്വേ, പരമാവധി ശേഷി കണക്കാക്കുന്ന വിധം, TEFR തയ്യാറാക്കൽ എന്നിവയെല്ലാം മേല്പറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങളിൽ പ്രതിപാദിക്കുന്നതാണ്.

9.3 SHP Cell നവീന സാങ്കേതിക വിദ്യകളെ പ്രോത്സാഹിപ്പിക്കുന്നു . അതിനായി സർക്കാർ അംഗീകരിച്ച പദ്ധതിയുടെ TEFR ൽ നിന്നും മാറി കാര്യക്ഷമത കൂടിയതും സുരക്ഷയിൽ വിട്ടുവീഴ്ച്ചകൾ ഇല്ലാത്തതുമായ നവീനമായ സാങ്കേതിക വിദ്യകൾ സംരംഭകർക്ക് അവലംബിക്കാവുന്നതാണ്. ഈ മാറ്റങ്ങൾ സംരംഭകന്റെ സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലുമായിരിക്കണം നടത്തേണ്ടത്.

## 10. അനുമതികളും സാങ്കേതിക വിവരങ്ങളും

10.1 സംരംഭകർ/ഡെവലപർ സമർപ്പിക്കുന്ന പ്രൊജക്റ്റ് പ്രൊപ്പോസൽ സാങ്കേതിക കമ്മിറ്റി വിശദമായി പരിശോധിക്കുന്നതും പ്രൊജക്റ്റ് രൂപകൽപ്പന, മറ്റ് സാങ്കേതിക വിവരങ്ങൾ എന്നിവയുടെ സാധുത വിലയിരുത്തി റിപ്പോർട്ട് നൽകുന്നതുമാണ്. ഇത് പ്രകാരം SHP cell പ്രൊജക്റ്റിന് സാങ്കേതിക അനുമതി നൽകുന്നതാണ്.

10.2 സാങ്കേതിക അനുമതി ലഭിച്ച് 30 ദിവസത്തിനുള്ളിൽ സംരംഭകർ/ഡെവലപർ ബന്ധപെട്ട വകുപ്പുകളിൽ (LSGD/ KSEBL/ Revenue/ Irrigation/ Electrical Inspectorate/ Fire & Rescue/ PCB etc.) നിന്നുള്ള അനുമതിക്കായി ഇതിനായി രൂപീകരിച്ചിട്ടുള്ള ഏകജാലക സംവിധാനത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ് .

ഇതോടൊപ്പം പ്രൊജക്റ്റിന് കിട്ടിയിട്ടുള്ള തത്വത്തിലുള്ള അംഗീകാരവും നിരാക്ഷേപ പത്രവും സമർപ്പിക്കേണ്ടതാണ്. ഇതിന്മേലുള്ള അനുമതി 6 മാസത്തിനുള്ളിൽ നൽകേണ്ടതാണ്. ഇതിനാവശ്യമായ തുടർനടപടി SHP cell സ്വീകരിക്കുന്നതാണ്.

10.3 പ്രൊജക്റ്റ് നടത്തിപ്പിനുള്ള അനുമതി താഴെ പറയുന്ന വകുപ്പുകളിൽ നിന്നും ലഭിക്കേണ്ടതുണ്ട്.

(a) പ്രൊജക്റ്റ് സ്ഥിതി ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനുമതി

(b) സർക്കാർ ഭൂമി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ റവന്യൂ വകുപ്പിന്റെ അനുമതി.

(c) വന ഭൂമി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ വനം വകുപ്പിന്റെ അനുമതി

(d) ജല വിഭവ വകുപ്പിന്റെ നിരാക്ഷേപ പത്രം

10.4 വനം വകുപ്പിന്റെ അനുമതി അവശ്യമുള്ള സാഹചര്യത്തിൽ വനം – പരിസ്ഥിതി മന്ത്രാലയത്തിന്റെ "PARIVESH" എന്ന പോർട്ടൽ വഴി വനസംരക്ഷണ നിയമം 1980 പ്രകാരമുള്ള അനുമതി ലഭിക്കേണ്ടതുണ്ട്.

10.5 സർക്കാർ ഭൂമിയിൽ ആണ് നിർദ്ദിഷ്ട പ്രൊജക്റ്റ് എങ്കിൽ പ്രൊജക്റ്റ് കാലയളവിലേക്ക് (പ്രൊജക്റ്റിന്റെ നിർമ്മാണ കാലയളവ് ഉൾപ്പെടെ) കാലാ കാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന ലൈസൻസ് ഫീസ് സംരംഭകൻ/ഡവലപെർ നൽകേണ്ടതാണ് . ഇത്തരത്തിലുള്ള അവശ്യങ്ങൾക്ക് കേരള ഭൂസംരക്ഷണ നിയമം 1957 പ്രകാരമുള്ള അനുവദനീയമായ അനുമതി (permissive sanction) അനുവദിക്കുന്നതാണ്.

10.6 നിർദ്ദിഷ്ട പ്രൊജക്റ്റ് സ്ഥലം സ്വകാര്യ ഭൂമി ആണെങ്കിൽ സംരംഭകൻ/ഡവലപെറുടെ സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും പ്രസ്തുത സ്ഥലം വങ്ങേണ്ടാതാണ്. പ്രൊജക്റ്റ് കാലയളവിനു (BOOT period) ശേഷം തൽ സ്ഥലമുൾപ്പെടെ സർക്കാരിന് കൈമാറ്റം ചെയ്യേണ്ടതാണ്.

10.7 സുരക്ഷാ മാനദണ്ഡങ്ങൾ, ഗ്രിഡ് സ്റ്റാൻഡാർഡ് തുടങ്ങിയവ പാലിക്കപ്പെട്ടുന്നു എന്നുള്ള പരിശോധനകൾക്കു ശേഷം ഉൽ

പ്പാദിപ്പിക്കുന്ന വൈദ്യുതി സ്റ്റേറ്റ് ഗ്രിഡിലേക്ക് കടത്തിവിടുന്നതിനുള്ള അനുമതി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ നൽകുന്നതാണ്.

10.8 ഇൻറർ കണക്ഷൻ പോയിന്റ് വരെയുള്ള വൈദ്യുതി പ്രസരണ വിതരണ സംവിധാനങ്ങൾ സ്റ്റേറ്റ് യുട്ടിലിറ്റി /ഡിസ്ട്രിബ്യൂഷൻ ലൈസൻസി മുഖേന സംരംഭകൻ/ഡവലപെറുടെ ചിലവിൽ ചെയ്യേണ്ടതാണ്.

10.9 2 MW -ന് മുകളിൽ സ്ഥാപിത ശേഷിയുള്ള പ്രൊജക്റ്റ് സ്ഥാപിക്കുന്ന IPPs മത്സരാധിഷ്ഠിത ടെണ്ടർ മുഖേന KSERC യുടെ അനുമതിയോടെ, ടെൻഡറിൽ നിശ്ചയിച്ചിട്ടുള്ള നിരക്ക് (tariff) അനുസരിച്ചുള്ള PPA -ൽ ഏർപ്പെടുന്നതിനായി KSEBL-നെ നേരിട്ട് സമീപിക്കാവുന്നതാണ്.

10.10 സംരംഭകൻ/ഡവലപെർക്ക് കൂടുതൽ മെച്ചം ലഭിക്കുന്നതിനായി പീക്ക് സമയത്ത് ഉൽപാദിപ്പിച്ച് ഗ്രിഡിലേക്ക് കടത്തിവിടുന്ന വൈദ്യുതിക്ക് പ്രത്യേക നിരക്ക് (two-part tariff with Time-of-Day) നിശ്ചയിക്കുന്നതിനായി KSERC-ൽ അപേക്ഷ നൽകാവുന്നതാണ്.

## 11. സാമ്പത്തിക സഹായവും പ്രോത്സാഹനങ്ങളും

വിശദമായ എൻജിനീയറിംഗ് സർവ്വേ, പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കൽ (TEFR) എന്നിവയ്ക്ക് സർക്കാർ തലത്തിൽ സബ്സിഡി/ധനസഹായം/ഉൽപ്പാദനം അടിസ്ഥാനമാക്കിയുള്ള പ്രോത്സാഹന തുക (GBI) മുതലായവ ലഭ്യമാണെങ്കിൽ ഇത് സംരംഭകൻ/ഡവലെപർക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

2 MW വരെ ശേഷിയുള്ള ചെറുകിട ജലവൈദ്യുതി നിലയങ്ങളിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി KSERC നിശ്ചയിക്കുന്ന Generic tariff പ്രകാരം വാങ്ങുന്നതിനുള്ള നിർദ്ദേശം KSEBL ന് സർക്കാർ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

വൈദ്യുതി ഉൽപ്പാദനത്തിനു ശേഷം ജലം വീണ്ടും നദിയിലേക്ക് തന്നെ തിരികെ ഒഴുക്കുന്നതിനാൽ കേരള ഇറിഗേഷൻ & വാട്ടർ കൺസർ

വേഷൻ ആക്ട് – 2003 (Act 23 of 2003) പ്രകാരമുള്ള വാട്ടർ സെസ് IPP കളിൽ ചുമത്തുന്നതല്ല.

ക്യാപ്റ്റീവ് ഉപയോഗ ഊർജ്ജ ഉൽപ്പാദകർ (CPPs) ക്ക് ബാധകമായ കേരള സർക്കാർ നിബന്ധന പ്രകാരമുള്ള റോയൽറ്റി എനർജി ചാർജിനോടൊപ്പം അതതു utility കൾ ഈടാക്കി സർക്കാരിന് കൃത്യമായി അടക്കേണ്ടതാണ്. റോയൽറ്റി ഈടാക്കുന്നതിൽ സർക്കാർ ഇളവു പ്രഖ്യാപിക്കുകയാണെങ്കിൽ അതിനു KSERC യുടെ അനുമതി വാങ്ങേണ്ടതാണ്.

സംരംഭകന്/ഡവലെപർക്ക് ദീർഘകാല അടിസ്ഥാനത്തിൽ ആകർഷകമായ പലിശനിരക്കിൽ വായ്പ ഒരു ത്രികക്ഷി കരാറിന്റെ അടിസ്ഥാനത്തിൽ escrow account വഴി നൽകുന്നതിനായി ബാങ്കുകളുടെ consortium രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

12. **വൈദ്യുതിയുടെ നിരക്കും വിൽപ്പനക്കുള്ള വ്യവസ്ഥകളും.**

സ്വതന്ത്ര വൈദ്യുതി ഉൽപ്പാദകർ (IPPs) ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയും ക്യാപ്റ്റീവ് ഉപയോഗ ഊർജ്ജ ഉൽപ്പാദകർ (CPPs) ക്കു മിച്ചം വരുന്ന വൈദ്യുതിയും KSERC നിശയിക്കുന്ന നിരക്കിലും വ്യവസ്ഥയിലും വാങ്ങുന്നതിനുള്ള ആദ്യത്തെ അവകാശം KSEBL ന് ആയിരിക്കും.

KSEBL അല്ലെങ്കിൽ അവരുടെ നോമിനി വൈദ്യുതി വാങ്ങുവാൻ തയ്യാറാകാത്ത പക്ഷം KSERC നിശയിക്കുന്ന നിരക്കിൽ മറ്റ് വിതരണ ലൈസൻസികൾക്ക് ചെറുകിട ജല വൈദ്യുതി നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി മുഴുവനായോ ഭാഗികമായോ വാങ്ങാവുന്നതാണ്. ശേഷിക്കുന്ന വൈദ്യുതി മറ്റ് വിതരണ ലൈസൻസികൾക്കോ open access consumers –നോ റെഗുലേറ്ററി കമ്മീഷന്റെ തീരുമാന പ്രകാരം നല്കാവുന്നതാണ്.

KSERC അതതു സമയങ്ങളിൽ നിശ്ചയിക്കുന്ന പ്രസരണ ചാർജ് , വീലിംഗ് ചാർജ് സംരംഭകൻ/ഡവലെപറിൽ നിന്നും ഈടാക്കുന്നതാണ്. ക്യാപ്റ്റീവ് ഉപയോഗ ഊർജ്ജ ഉൽപ്പാദകർ (CPPs) വൈദ്യുതി

നിലയത്തിൽ നിന്നും അവരുടെ ഉപയോഗിക്കുന്നതിനായി എത്തിക്കുന്ന വൈദ്യുതിക്കുള്ള പ്രസരണ -വിതരണ നഷ്ടം കണക്കാക്കുന്നത് KSERC അതതു സമയത്ത് പുറപ്പെടുവിക്കുന്ന മാനദണ്ഡം അനുസൃതമായിരിക്കും.

STU/Distribution Licensee യുടെ നിർദ്ദേശ പ്രകാരമുള്ള വൈദ്യുതിയുടെ കൊടുക്കൽ-വാങ്ങലുകൾ രേഖപ്പെടുത്തുന്ന മീറ്ററുകളും അനുബന്ധ ഉപകരണങ്ങളും ഇൻറർ കണക്ഷൻ പോയിന്റിൽ സംരംഭകൻ/ഡവലെപർ സ്ഥാപിക്കേണ്ടതാണ് . എല്ലാ മീറ്ററുകളും STU/Distribution Licensee യുടെ അധീനതയിൽ ആയിരിക്കും. Meters, CT, PT, സുരക്ഷാ ഉപകരണങ്ങൾ മുതലായവയുടെ സ്ഥാപന/പരിപാലന ചെലവുകളും കൂടാതെ ഇവയുടെ അറ്റകുറ്റപ്പണികളും മാറ്റിസ്ഥാപിക്കലും സംരംഭകൻ/ഡവലെപറുടെ ചുമതലയിൽ നിർവ്വഹിക്കേണ്ടതാണ്. യാതൊരു വിവേചനവും കൂടാതെ open access പ്രകാരം കേരളത്തിനുള്ളിലുള്ള ഏതൊരു സ്ഥാപനത്തിനും വൈദ്യുതി വിൽക്കുവാനുള്ള അനുവാദം KSERC നൽ കുന്നതാണ്.

Electricity Act 2003, Section 11 അനുസരിച്ച് ഓപ്പൺ ആക്സസ് പ്രകാരം കേരളത്തിന് പുറത്തു വൈദ്യുതി വിൽക്കുന്നതിനുള്ള അനുമതി KSERC നൽകുന്നതാണ്. KSERC തയ്യാറാക്കിയ നിയമങ്ങൾ ഓപ്പൺ അക്സസ്സ് നിർണ്ണയിക്കുന്നതിന് ബാധകമാണ്.

## 13. ഗുണനിലവാരവും സുരക്ഷാ ക്രമീകരണങ്ങളും

നിലയ നിർമ്മിതിയിൽ നിശ്ചിത ഗുണനിലവാരം പാലിക്കപ്പെട്ടിട്ടുണ്ടെന്നു ഉറപ്പു വരുത്തുന്നതിനുള്ള അവകാശം ടെക്നിക്കൽ കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. നിലയത്തിന്റെ ഹൈഡ്രോളിക് ഘടകങ്ങളുടെ രൂപരേഖയും വിശദമായ പ്ലാനും മറ്റും ടെക്നിക്കൽ കമ്മിറ്റിക്ക് സമർപ്പിച്ച് അനുമതി വാങ്ങേണ്ടതാണ്. നിലയത്തിന്റെ രൂപരേഖ തയ്യാറാക്കുന്ന സ്ഥാപനം വൈദ്യുതി നിലയത്തിന്റെ സുരക്ഷ സംബന്ധിച്ച സർ

ട്ടിഫിക്കറ്റ് ടെക്നിക്കൽ കമ്മിറ്റിക്ക് /സർക്കാരിന് നൽകേണ്ടതാണ് കൂടാതെ നിശ്ചിത ഗുണനിലവാരം പാലിക്കപ്പെട്ടിട്ടുണ്ടെന്നു കാണിക്കുന്ന സർട്ടിഫിക്കറ്റ്, പ്രവൃത്തികൾക്ക് മേൽനോട്ടം വഹിക്കുന്ന സ്ഥാപനം തയ്യാറാക്കി സംരംഭകന്റെ/ഡവലപറുടെ അംഗീകാരത്തോടെ നൽകേണ്ടതുമാണ്.

14. **പരിസ്ഥിതി വിഷയങ്ങളും സാമൂഹ്യ പ്രതിബദ്ധതയും**

പദ്ധതിക്ക് സാങ്കേതിക അനുമതി നൽകുന്ന ഘട്ടത്തിൽ, നിർദ്ദിഷ്ട പദ്ധതി ജല വിനിയോഗം സംബന്ധിച്ച Kerala Irrigation and water conservation Act, 2003 ( Act 31 of 2003) ലംഘിക്കപ്പെടുന്നില്ല എന്നും പ്രദേശവാസികളുടെ കുടിവെള്ള , ജലസേചന ആവശ്യങ്ങൾ നിഷേധിക്കുന്നില്ല എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി കൊണ്ടുപോകുന്നതിനു ആവശ്യമായ ഗ്രിഡ് സംവിധാനങ്ങൾ, പ്രകൃതി വിഭവമായ ജലത്തിന്റ ഫലപ്രദമായ വിനിയോഗം, നിർദ്ദിഷ്ട പദ്ധതി നീരൊഴുക്കിന്റെ മുകളിലും താഴെയും ഉള്ളതോ വരാൻ പോകുന്നതോ ആയ പദ്ധതികളുടെ നിലനിൽപ്പ് എന്നിവ കണക്കിലെടുത്തായിരിക്കും ടെക്നിക്കൽ കമ്മിറ്റി പദ്ധതിക്ക് സാങ്കേതിക അനുമതി നൽകുന്നത്.

പദ്ധതി നടപ്പിൽ വരുന്നതുമൂലമുണ്ടാകാവുന്ന പാരിസ്ഥിക പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിന് അംഗീകരിക്കപ്പെട്ടിട്ടുള്ള നടപടികൾ കൈക്കൊള്ളുന്നതിനുള്ള ഫണ്ട് പദ്ധതി തുകയിൽ വകയിരുത്തേണ്ടതാണ്. പരിസ്ഥിതി മാനേജ്മെന്റ് പ്ലാൻ, പരിസ്ഥിതി നാശം ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, വനവൽക്കരണം, മണ്ണ് സംരക്ഷണം, പദ്ധതി പ്രദേശത്തുള്ള കുടുംബങ്ങളുടെ പുനരധിവാസ പാക്കേജ് മുതലായവയും പദ്ധതി തുകയിൽ ഉൾപ്പെടുത്തേണ്ടതാണ്. പദ്ധതി പ്രദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനു പാറ പൊട്ടിക്കൽ പോലുള്ള പ്രവർത്തികൾ മൂലമുള്ള മണ്ണും ചെളിയും മറ്റ് അവശിഷ്ടങ്ങളും ശ്രദ്ധാപൂർവ്വം നീക്കം ചെയ്യുകയും നിർമ്മാർജ്ജനം ചെയ്യേണ്ടതുമാണ്.

പദ്ധതി നടപ്പിലാക്കുന്നതോടൊപ്പം സംരംഭകൻ/ഡവലെപർ കോർ പറേറ്റ് സമൂഹ്യ ഉത്തരവാദിത്തവും (Corporate Social Responsibility-CSR) നിർവ്വഹിക്കേണ്ടതാണ്. പദ്ധതി നേരിട്ടും അല്ലാതെയും ബാധിക്കുന്ന ആളുകളുടെ വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, തൊഴിൽ എന്നിവ മെച്ചപ്പെടുത്തുന്നതിന് നിലവിലുള്ള സർക്കാർ /സർക്കാരിതര സ്ഥാപനങ്ങൾക്ക് സഹായം നൽകുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും CSR ഫണ്ട് വിനിയോഗിക്കാവുന്നതാണ്. ഇത്തരത്തിലുള്ള സാമൂഹ്യ ഉത്തരവാദിത്തങ്ങൾ നടപ്പിലാക്കുന്നത്തിനുള്ള സഹായം ചെയ്യുന്നതിനും പ്രവർത്തനം വിലയിരുത്തി സംരംഭകൻ/ഡവലെപർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി പ്രാദേശിക വികസന കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

**15. പദ്ധതി വിലയിരുത്തൽ**

നിലയത്തിന്റെ ത്രൈമാസ പ്രവർത്തന റിപ്പോർട്ട് , നിലയത്തിന് പ്രതീക്ഷിച്ച പ്രവർത്തന ക്ഷമത കൈവരിക്കുവാൻ കഴിയുന്നുണ്ടോ , ഇല്ലെങ്കിൽ നിലയത്തിന്റെ നടത്തിപ്പിലും മറ്റും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മുതലായവ തയ്യാറാക്കി SHP cell-ന് സമർപ്പിക്കേണ്ടതും പ്രശ്ന പരിഹാരത്തിന് ആവശ്യമായ ഇടപെടൽ SHP cell നടത്തുന്നതുമാണ്.
സംരംഭകൻ/ഡവലെപർ നിലയം നവീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ നവീകരണം , ആധുനികവൽക്കരണം, ശേഷികൂട്ടൽ, നിലയത്തിന് അവശേഷിക്കുന്ന പ്രവർത്തന കാലയളവ് കണക്കാക്കൽ (Remanent Life Assessment – RLA), നവീകരണത്തിന് ആവശ്യമായ ചെലവ് എന്നിവ ഈ രംഗത്ത് അംഗീകാരമുള്ള എജൻസി മുഖേന നടത്തി സർക്കാരിൽ നിന്നും അനുമതി ലഭിക്കുന്നതിനായി SHP cell-ന് നൽകേണ്ടതാണ്. പ്രസ്തുത പ്രൊപ്പോസൽ നിലയത്തിന്റെ നിശ്ചയിച്ചിട്ടുള്ള പ്രവർത്തന കാലയളവ് (BOOT Period) അവസാനിക്കുന്നതിന് ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും മുമ്പ് തയ്യാറാക്കേണ്ടതാണ്.

തീർത്തും നിരസിക്കുവാൻ പറ്റാത്ത കാരണങ്ങളാൽ നിലയത്തിന്റെ പ്രവർത്തനം ഒരു സീസൺ മുഴുവനും അല്ലെങ്കിൽ ഒരു ഗണ്യമായ കാലയളവിൽ നിർത്തിവയ്ക്കേണ്ടി വരുന്ന സാഹചര്യങ്ങളിൽ ഒഴികെ നിലയത്തിന്റെ നിശ്ചയിച്ചിട്ടുള്ള പ്രവർത്തന കാലയളവ് (BOOT period) സാധാരണഗതിയിൽ നീട്ടി നൽകുന്നതല്ല. ഇത്തരം സാഹചര്യത്തിൽ സംരംഭകൻ/ഡവലെപറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ SHP cell വസ്തുത പരിശോധിച്ച് റിപ്പോർട്ട് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനായി സർക്കാരിന് നൽകുന്നതാണ്.

**16. സംരംഭകരുടെ സഹകരണവും പങ്കാളിത്തവും**

പദ്ധതി പ്രദേശത്തിന്റെ സമഗ്ര പുരോഗതി സാധ്യമാകുന്ന തരത്തിൽ കുടിവെള്ള വിതരണം, ജലസേചനം, വിനോദസഞ്ചാരം, മത്സ്യ കൃഷി തുടങ്ങി പ്രദേശത്തിന് അനുയോജ്യമായ വിവിധ അനുബന്ധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ പോളിസി ലക്ഷ്യമിടുന്നു. ഇതിനായി നിർദ്ദിഷ്ട ജലവൈദ്യുതി പദ്ധതിയുടെ ചെലവ് അധികരിക്കാത്ത തരത്തിൽ വിവിധ വകുപ്പുകളുടെ /സംരംഭകരുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതാണ്.

**17. മറ്റു വ്യവസ്ഥകൾ**

സ്റ്റേറ്റ് ലോഡ് ഡസ്പാച്ച് സെൻറർ (SLDC) –ന്റെ നിർദ്ദേശ പ്രകാരമായിക്കണം വൈദ്യുതി നിലയം പ്രവർത്തിപ്പിക്കുവാൻ. വൈദ്യുതി ശൃംഖലയിലെ നിയന്ത്രണങ്ങൾക്ക് അനുസൃതമായി വൈദ്യുതി നിലയത്തിന്റെ പ്രവർത്തനം SLDC യുടെ നിർദ്ദേശ പ്രകാരം ക്രമപ്പെടുത്തേണ്ടതോ ആവശ്യമെങ്കിൽ നിർത്തി വയ്ക്കുകയോ ചെയ്യേണ്ടതാണ്. SLDC യുടെ ഇടപെടൽ മൂലം വൈദുതിഉൽപ്പാദനത്തിൽ സംഭവിക്കുന്ന കുറവിന് നഷ്ടപരിഹാരം നൽകുന്നതല്ല . സംസ്ഥാനത്തിന്റെ സുരക്ഷക്കുള്ള ഭീഷണി, പ്രകൃതി ക്ഷോഭം തുടങ്ങിയ അസാധാരണമായ സന്ദർഭങ്ങളിൽ പൊതു തൽപ്പര്യം മുൻനിർത്തി സംസ്ഥാന സർക്കാരിന്റെ നിയന്ത്രണങ്ങളും , ഉത്തരവുകളും, നിർ

ദ്ദേശങ്ങളും പാലിച്ചുകൊണ്ടായിരിക്കണം വൈദ്യുതി നിലയം പ്രവർത്തിപ്പിക്കുവാൻ. ഇത്തരം ഘട്ടങ്ങളിൽ നിലയത്തിന്റെ മുടക്കം മൂലമുണ്ടാകുന്ന വരുമാന നഷ്ടം സർക്കാർ നികത്തുന്നതല്ല.

HT/EHT വിഭാഗത്തിൽപ്പെടുന്ന captive consumers അവരുടെ വൈദ്യുത നിലയം മാസത്തിൽ 15 ദിവസമെങ്കിലും തുടർച്ചയായി റെഗുലേറ്ററി കമ്മീഷന്റെ അംഗീകൃത നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പ്രവർത്തിക്കുകയാണെങ്കിൽ demand charge-ൽ റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള ഫോർമുല പ്രകാരമുള്ള ഇളവ് STU/Distribution licensee നൽകുന്നതാണ്. പവർ കട്ട്, മറ്റ് വൈദ്യുതി നിയന്ത്രണങ്ങൾ നിലവിലുള്ളപ്പോൾ മാക്സിമം ഡിമാൻഡിൽ കുറവോ നിയന്ത്രണങ്ങളോ വരുത്തുകയാണെങ്കിൽ മറ്റ് വൈദ്യുതി ഉപഭോക്താക്കൾക്ക് കണക്കാക്കുന്ന അതേ തത്വത്തിന്റെ അടിസ്ഥാനത്തിൽ തന്നെയായിരിക്കും ക്യാപ്റ്റിവ് ഉപയോഗ ഊർജ്ജ ഉൽപ്പാദകർക്കും (CPPs) അവരുടെ പങ്കാളിത്ത സ്ഥാപനങ്ങൾക്കും യൂട്ടിലിറ്റി ഗ്രിഡിൽ നിന്നുള്ള മാക്സിമം ഡിമാൻഡ് വിഹിതം കണക്കാക്കുന്നത്. റഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന ഫോർമുല പ്രകാരം ക്യാപ്റ്റിവ് ഉപയോഗ ഊർജ്ജ ഉൽപ്പാദകർക്കും (CPPs) അവരുടെ പങ്കാളിത്ത സ്ഥാപനങ്ങൾക്കും അവർ യൂട്ടിലിറ്റി ഗ്രിഡിലേക്ക് നൽകുന്ന വൈദ്യുതിയുടെ അളവിന്റെ അടിസ്ഥാനത്തിൽ മേൽ സാഹചര്യത്തിൽ അനുവദിക്കുന്ന മാക്സിമം ഡിമാൻഡ് വിഹിതത്തേക്കാൾ കൂടുതൽ വൈദ്യുതി ഉപയോഗിക്കുവാൻ അനുവദിക്കുന്നതാണ്. വൈദ്യുതിയുടെ ലഭ്യതയുടെയും മറ്റ് ഉപഭോക്താക്കൾക്ക് വൈദ്യുതി അനുവദിക്കുന്നതിൽ കണക്കാക്കുന്ന മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിലായിരിക്കും ഇത്തരത്തിൽ കൂടുതൽ വൈദ്യുതി അനുവദിക്കുന്നത് . ഇത്തരം സന്ദർഭങ്ങളിൽ മാകസിമം ഡിമാൻഡിൽ യാതൊരു ഇളവും അനുവദിക്കുന്നതല്ല . STU/ഡിസ്ട്രിബ്യൂഷൻ ലൈസൻസിയുമായി ഇതിനായി പ്രത്യേക കരാറിൽ ക്യാപ്റ്റിവ് ഉപയോഗ ഊർജ്ജ ഉൽപ്പാദകർ (CPPs) ഒപ്പ് വയ്ക്കേണ്ടതാണ്.

18. **ഡാം സുരക്ഷാ അതോറിറ്റിയുടെ പരിശോധന**.

കമ്മീഷൻ ചെയ്യുന്ന എല്ലാ പ്രൊജക്റ്റുകളുടെയും ഡാമും അനുബന്ധ നിർമ്മിതകളും ഡാം സുരക്ഷാ അതോറിറ്റി പരിശോധിക്കേണ്ടതും ഈ നിർമ്മിതികളുടെ പ്രവർത്തനവും പരിപാലനവും വിലയിരുത്തേണ്ടതും സുരക്ഷയുടെ കാര്യത്തിൽ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനത്തിനായി ആവശ്യമായ നിർദ്ദേശം നൽകേണ്ടതുമാണ്. ഇത്തരത്തിലുള്ള സുരക്ഷാ പരിശോധനയും നിരീക്ഷണവും മറ്റും തികച്ചും സുതാര്യമായിരിക്കണം. സുരക്ഷാ കാര്യങ്ങളിൽ വീഴ്ച് സംഭവിക്കാതിരിക്കുവാൻ കമ്മീഷൻ ചെയ്ത ഡാമുകളുടെ സുരക്ഷാ ആഡിറ്റ് നിശ്ചിത കാലയളവുകളിൽ നടത്തി പ്രവർത്തനം വിലയിരുത്തി ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

19. **പ്രോജെക്റ്റുകളുടെ അനുമതി റദ്ദ് ചെയ്യലും ഏറ്റെടുക്കലും**.

സംരംഭകൻ/ഡവലെപർ തനിക്കു അനുവദിച്ച പ്രൊജക്റ്റ് പൂർത്തിയാക്കാതെ ഉപേക്ഷിക്കുകയോ , വ്യവസായം അടച്ചു പൂട്ടുകയോ , പ്രൊജക്റ്റിന്റെ അനുമതി വ്യവസ്ഥകൾ ലംഘിക്കുകയോ ചെയ്താൽ പ്രസ്തുത പ്രൊജക്റ്റ് ഏറ്റെടുക്കുവാനും യാതൊരു നഷ്ടപരിഹാരവും നൽകാതെയും ബാധ്യതകൾ കൂടാതെയും മറ്റൊരു ഏജൻസിക്ക് നല്കുവാനുമുള്ള അവകാശം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

പ്രൊജക്റ്റ് നടത്തിപ്പിനായി അനുവദിച്ച കാലയളവ് (BOOT period) അവസാനിക്കുമ്പോൾ പ്രൊജക്റ്റും സ്ഥലം ഉൾപ്പെടെയുള്ള എല്ലാ അനുബന്ധ ഘടകങ്ങളും പ്രവർത്തനക്ഷമതയോടെ സൗജന്യമായും യാതൊരു ബാധ്യതതകൾ ഇല്ലാതെയും സർക്കാരിന് കൈമാറേണ്ടതാണ്.

കൈമാറ്റം ചെയ്യുന്ന സമയത്ത് പ്രൊജക്റ്റിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരെ തുടർന്നും ജോലിയിൽ ഏർപ്പെടുത്തുന്നതിനുള്ള ബാധ്യത സർക്കാരിന് ഉണ്ടായിരിക്കുന്നതല്ല.

സംരംഭകൻ/ഡവലെപർ നിലയം BOOT period ന് ശേഷം തുടർന്നും പ്രവർത്തിപ്പിച്ച് കൊണ്ടുപോകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ നിലയത്തിന് അവശേഷിക്കുന്ന പ്രവർത്തന കാലയളവ് കണക്കാക്കൽ (Remanent Life Assessment – RLA), തുടർ പ്രവർത്തനത്തിനുള്ള ചെലവ് എന്നിവ ഈ രംഗത്ത് അംഗീകാരമുള്ള എജൻസി മുഖേന നടത്തി സർക്കാരിൽ നിന്നും അനുമതി ലഭിക്കുന്നതിനായി SHP cell-ന് നൽകേണ്ടതാണ്. പ്രസ്തുത പ്രൊപ്പോസൽ നിലയത്തിൻറെ നിശ്ചയിച്ചിട്ടുള്ള പ്രവർത്തന കാലയളവ് (BOOT Period) അവസാനിക്കുന്നതിന് ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും മുമ്പ് തയ്യാറാക്കി നൽകേണ്ടതാണ്. സർക്കാർ പ്രൊജക്റ്റ് കാലാവധി നീട്ടി നൽകാതിരിക്കുകയോ സംരംഭകൻ/ഡവലെപർ പ്രൊജക്റ്റ് സർക്കാരിന് കൈമാറാതിരിക്കുകയോ ചെയ്യുന്ന സന്ദർഭങ്ങളിൽ സർക്കാരിനോ സർക്കാർ നിശ്ചയിക്കുന്ന മറ്റ് ഏജൻസികൾക്കോ പ്രൊജക്റ്റും എല്ലാ അനുബന്ധ ഘടകങ്ങളും ഏറ്റെടുക്കുവാനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

പ്രൊജക്റ്റുമായി ബന്ധപ്പെട്ട എല്ലാ ബാധ്യതകളും സംരംഭകൻ/ഡവലെപർ പരിഹരിക്കേണ്ടതാണ്

**20. പോളിസി നടപ്പാക്കൽ/ഇളവു നൽകൽ/വ്യാഖ്യാനം/ഭേദഗതി വരുത്തൽ**

ഈ നയം നടപ്പിലാക്കുവാനും, നയത്തിന്റെ വ്യവസ്ഥകളിൽ ഇളവുകൾ നൽകുവാനും, വ്യവസ്ഥകളുടെ വ്യാഖ്യാനം നൽകുവാനും, ഭേദഗതികൾ വരുത്തുവാനുമുള്ള അധികാരം കേരള സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്. നയത്തിന്റെ സുഗമമായ നടത്തിപ്പ് ഉറപ്പു വരുത്തുന്നതിന് ഒരു ഉന്നതാധികാര കമ്മിറ്റി സർക്കാർ രൂപീകരിക്കുന്നതാണ്. പോളിസി കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിനാവശ്യമായ വകുപ്പുതല ഉത്തരവുകൾ അതതു വകുപ്പുകൾ യഥാ സമയം പുറപ്പെടുവിക്കുന്നു എന്നുള്ളതും കമ്മിറ്റി ഉറപ്പു വരുത്തുന്നതാണ്.